## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6558

03.04.2018-ൽ മറുപടിയ്ക്ക്

## വനിതാ സിവിൽ ഓഫീസർമാർക്കെതിരെയുള്ള പീഡനങ്ങൾ

| ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ : | ഉത്തരം<br>ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) എക്സൈസ് വകുപ്പിൽ നിയമിച്ചിട്ടുള്ള വനിതാ സിവിൽ ഓഫീസർമാർ തങ്ങൾക്ക് നേരെ നടക്കുന്ന മാനസികവും ശാരീരികവുമായ പീഡനങ്ങൾക്കെതിരെ സർക്കാരിനും എക്സൈസ് കമ്മീഷണർക്കും പരാതി നൽകിയിട്ടുണ്ടോ ; | (എ) ഇക്കാര്യത്തിൽ സർക്കാരിനും എക്സൈസ് വകുപ്പിനും നേരിട്ട് പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ ബഹു.മനുഷ്യാവകാശകമ്മീഷൻ മുൻപാകെ ലഭിച്ച പരാതി റിപ്പോർട്ട് നൽകുന്നതിനായി എക്സൈസ് കമ്മീഷണർക്ക് ലഭിച്ചിരുന്നു. |
| (ബി) പ്രസ്തുത പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ എക്സൈസ് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) ബഹു.മനുഷ്യാവകാശ കമ്മീഷൻ മുഖേന എക്സൈസ് കമ്മീഷണർക്കു ലഭിച്ച പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനായി 14 ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് നൽകുകയും അപ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി അന്വേഷണത്തിന്റെ ഭാഗമായി രേഖപ്പെടുത്തിയ മൊഴികളിൽ പരാതി സമർപ്പിച്ച വനിതാ കൂട്ടായ്മയെ കുറിച്ച് വ്യക്തമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) എക്സൈസ് കമ്മീഷണർ അന്വേഷണം നടത്തിയതിൽ പരാതിയിലെ ആരോപണങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | വനിതാ ജീവനക്കാർക്ക് എക്സൈസ് വകുപ്പിൽ സുരക്ഷിതമായി ജോലി ചെയ്യുവാൻ വേണ്ടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ? | (ഡി) | വനിതാ ജീവനക്കാർക്കെതിരെ തൊഴിൽ സ്ഥലങ്ങളിൽ നടക്കുന്ന പീഡനങ്ങൾക്കും ലൈംഗിക അതിക്രമങ്ങൾക്കുമെതിരെ പരാതിപ്പെടുന്നതിനായി എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റികൾ എക്സൈസ് വകുപ്പിൽ കൃത്യമായി പ്രവർത്തിച്ച് വരുന്നു. വനിതകൾ പ്രവൃത്തി എടുക്കുന്ന ഓഫീസുകളിൽ വനിതകൾക്ക് മാത്രമായി ശുചിമുറികളും, വിശ്രമ മുറികളും ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് സജ്ജമാക്കുന്നതിനും, വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ പ്രതിമാസ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും എല്ലാ ഓഫീസുകളിലും ജീവനക്കാരുടെ പരാതികൾ അറിയിക്കുന്നതിനുമായി പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഡ്യൂട്ടിയ്ക്കായി നിയോഗിക്കുന്ന വനിതാ ജീവനക്കാരെ രാത്രി കാലങ്ങളിൽ ഡ്യൂട്ടിക്ക് ശേഷം സുരക്ഷിതമായി വീടുകളിൽ എത്തിച്ചുവരുന്നു. ആയതിനാൽ എക്സൈസ് വകുപ്പിലെ വനിതാ ജീവനക്കാർ നിലവിൽ സുരക്ഷിതമായ സാഹചര്യങ്ങളിലാണ് ജോലി ചെയ്തുവരുന്നത്.<br>സഹപ്രവർത്തകരിൽ നിന്നോ മേലുദ്യോഗസ്ഥരിൽ നിന്നോ മറ്റേതെങ്കിലും ഭാഗത്തുനിന്നോ വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്കെതിരെ ഏതുതരത്തിലും ഉണ്ടാകുന്ന അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അതിന് ഉത്തരവാദികളാണെന്നു കണ്ടെത്തുന്നവർക്കെതിരെ കർശനമായി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.